
3

# ജലവും മണ്ണും



കുട്ടനും കൂട്ടരും കളികൾ തുടങ്ങി
പെട്ടെന്നയ്യാ ചെറുമഴ ചാറി
മാനമിരുണ്ടു വെള്ളിടി പാറി
കുട്ടനും കൂട്ടരും വീട്ടിലേക്കോടി
ചെറുമഴ പുതുമഴ കലപില മേളം
ആ മഴ പിന്നെ പെരുമഴയായി
പെരുമഴ മാറി കാർമുകിൽ നീങ്ങി
മണ്ണ് കുളിർത്തു പൂക്കൾ ചിരിച്ചു
കുട്ടൻ കൂട്ടാർക്കൊപ്പം കൂടി
ആർത്തു തിമിർത്തു തക ധിമിതോം...



Subject :- പരിസരപഠനം
Unit. 3

ജലവും മണ്ണും    4 period

## പഠനലക്ഷ്യങ്ങൾ

* സസ്യങ്ങളും ജന്തുക്കളും മണ്ണിനെ പലവിധത്തിൽ ആശ്രയിക്കുന്നു എന്ന് തിരിച്ചറിയുക.
* മണ്ണ് ഉപയോഗിച്ചുള്ള വിവിധ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* മണ്ണിലെ ജൈവാംശം വായു ജലാംശം എന്നിവയുടെ സാന്നിധ്യം പരീക്ഷണങ്ങളിലൂടെ കണ്ടെത്തുക.

## ആശയങ്ങൾ

* മണ്ണ് ജീവികളുടെ വാസസ്ഥലമാണ്
* ജീവജാലങ്ങൾ മണ്ണിനെ ആശ്രയിച്ച് ജീവിക്കുന്നു.
* മണ്ണ് കൊണ്ട് രൂപങ്ങളും കലം, തുടങ്ങിയ വിവിധ സാധനങ്ങളും ഉണ്ടാക്കുന്നു.
* പലതരത്തിലുള്ള മണ്ണിനങ്ങൾ ഉണ്ട്.
* ദീർഘകാലത്തെ ജൈവ അജൈവ പ്രക്രിയയിലൂടെയാണ് മണ്ണ് ഉണ്ടാകുന്നത്.
* മണ്ണിൽ വായുവിന്റെ സാന്നിധ്യം ഉണ്ട്.
* മണ്ണിൽ ജലാംശം ഉണ്ട്.
* മണ്ണിൽ ധാരാളം ജൈവവസ്തുക്കൾ ഉൾചേർന്നിരിക്കുന്നു.

## ആവശ്യമായ സാമഗ്രികൾ

* ഹാൻഡ് ലെൻസ്
* നിർമ്മാണത്തിന് അനുയോജ്യമായ മണ്ണ്
* താരതമ്യത്തിനായി പലതരം മണ്ണിനങ്ങൾ

* മൺകട്ട
* ഗ്ലാസ്
* വെള്ളം
* ഉണങ്ങിയ മണ്ണ്
* ജൈവാംശം പരിശോധിക്കുന്നതിനുള്ള മണ്ണ്.

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
| --- | --- |
| * ഞാനാരെന്ന് പറയാമോ?<br>Wakeup Activity – മഴയിലുണ്ട് പുഴയിലില്ല<br>കണ്ണിലുണ്ട് കാഴ്ചയിലില്ല<br>ഞാനാരെന്ന് പറയാമോ?<br>? ഈ കടംകഥ ശ്രദ്ധിച്ചോ ഇതിൽ ഒരാളെ കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്.<br>ഉത്തരം കണ്ടെത്തി പറയാമോ?<br>കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു.<br>ചർച്ചകൾക്ക് ശേഷം ടീച്ചർ ക്രോഡീകരിക്കുന്നു<br>ഉത്തരം :- മണ്ണ്<br>ഒരുമിച്ച് പാടാം. മണ്ണിന്റെ മക്കൾ നമ്മൾ<br>മണ്ണിൽ പിറന്നൊരു മക്കൾ<br>മണ്ണാണ് നമ്മുടെ ജീവൻ (2)<br>സസ്യങ്ങൾ വളരുന്ന മണ്ണ്<br>ജന്തുക്കൾ വളരുന്ന മണ്ണ്.<br>മണ്ണാണ് നമ്മുടെ ജീവൻ<br>മണ്ണില്ലേൽ നമ്മളുമില്ല.<br>* മണ്ണിലെ കാഴ്ചകൾ<br>? മണ്ണിൽ എന്തെല്ലാം ഉണ്ട്<br>? മണ്ണിൽ നിങ്ങൾ ഏതെങ്കിലും ജീവികളെ കണ്ടിട്ടുണ്ടോ<br>? മണ്ണില്ലെങ്കിൽ മനുഷ്യരായ നമ്മൾക്കും മറ്റ് ജീവികൾക്കും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ? | |

? എല്ലാ പ്രദേശങ്ങളിലെയും മണ്ണ് ഒരു പോലെയാണോ?

ചോദ്യങ്ങൾക്ക് ശേഷം ഉത്തരങ്ങൾ ക്രോഡീകരിക്കുന്നു.

## മണ്ണ് പരിചയപ്പെടാം




മേശപ്പുറത്ത് നിരത്തിവെച്ചിരിക്കുന്ന ബാഗുകളിലെ മണ്ണ് ~~[struck out]~~ സ്പർശിച്ച് അവ ഏത് മണ്ണാണെന്ന് തിരിച്ചറിയാൻ അവസരം നൽകുന്നു.

കുട്ടികളുടെ വ്യത്യസ്ത അഭിപ്രായങ്ങളെ ക്രോഡീകരിക്കുന്നതിനായി ബാഗുകളിലെ മണ്ണ് പ്രദർശിപ്പിക്കുന്നു. പ്രദർശനത്തിനുശേഷം ചർച്ചയിലൂടെ ക്രോഡീകരണം നടത്തുന്നു.

➔ **മണ്ണിന്റെ പ്രാധാന്യം**

മണ്ണിലെ വിവിധ കാഴ്ചകളും മണ്ണിന്റെ പ്രാധാന്യവും മനസിലാക്കുന്നതിനായി TB Page. No 48 മണ്ണിന്റെ പ്രാധാന്യം എന്ന പ്രവർത്തനം ചെയ്യുന്നു. (ICT സാധ്യത ഉപയോഗപ്പെടുത്തി വിവരശേഖരണം നടത്തുന്നു.)

## തുടർപ്രവർത്തനം

⇒ ഒരു ചാർട്ട് പേപ്പറിൽ (A4)-ഗ്ലൂ ഉപയോഗിച്ച് നടുഭാഗത്തായി മണ്ണ് Paste ചെയ്യുന്നു. മണ്ണിൽ കാണുന്ന ജീവജാലങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഇതിനു ചുറ്റും Paste ചെയ്യുന്നു.

➡ പ്രവർത്തനം (തുടർപ്രവർത്തനത്തിന്റെ വിലയിരുത്തൽ)

കഴിഞ്ഞ ക്ലാസ്സിന്റെ തുടർച്ചയെന്നോണം കുട്ടികൾ കൊണ്ടുവന്ന വയൽമണ്ണ്/കളിമണ്ണ് ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കുന്ന workshop.

Integrated to workexperience.

കളിമൺരൂപങ്ങളുടെ നിർമ്മാണവും പ്രദർശനവും, (ഇതിന്റെ പഠനോത്സവം - മികവുത്സവം എന്ന source ലേക്ക് മാറ്റിവെക്കുന്നു. Video clip)